പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 53 — 25-04-2017-ൽ മറുപടിക്ക്

## പ്രധാനമന്ത്രിയുമായുള്ള മുഖ്യമന്ത്രിയുടെ കൂടിക്കാഴ്ചകൾ

**ചോദ്യം**
ശ്രീ.ഷാഫി പറമ്പിൽ

**ഉത്തരം**
ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | ഈ സർക്കാരിന്റെ കാലത്ത് പ്രധാനമന്ത്രിയെ ഏറ്റവുമൊടുവിൽ മുഖ്യമന്ത്രി സന്ദർശിച്ചത് എപ്പോഴായിരുന്നു ; | എ) | 23.1.2017 ലാണ് മുഖ്യമന്ത്രി പ്രധാനമന്ത്രിയെ ഏറ്റവുമൊടുവിൽ സന്ദർശിച്ചത് |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ പ്രധാനമന്ത്രിയെ മുഖ്യമന്ത്രി ഡൽഹിയിൽ സന്ദർശിക്കുകയുണ്ടായി; | ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മൂന്ന് തവണ പ്രധാനമന്ത്രിയെ മുഖ്യമന്ത്രി ഡൽഹിയിൽ സന്ദർശിക്കുകയുണ്ടായി |
| സി) | ഓരോ ഔദ്യോഗിക സന്ദർശനവേളയിലും സംസ്ഥാനത്തിന്റെ എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിക്കുകയുണ്ടായി; | സി) | സന്ദർശനവേളയിൽ ചുവടെ ചേർക്കുന്ന ആവശ്യങ്ങൾ മുഖ്യമന്ത്രി ഉന്നയിക്കുകയുണ്ടായി<br>• സംസ്ഥാനത്ത് കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്രസഹായം സംബന്ധിച്ച്<br>• ഇറക്കുമതി ചുങ്കം കുറയ്ക്കുന്നത് സംബന്ധിച്ച്<br>• കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നത് സംബന്ധിച്ച്<br>• കൊച്ചിയിൽ ഫാർമ പാർക്ക് ആരംഭിക്കുന്നത് സംബന്ധിച്ച്<br>• വിഴിഞ്ഞം തുറമുഖം പദ്ധതി സംബന്ധിച്ച്<br>• കേരളത്തിൽ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) ആരംഭിക്കുന്നത് സംബന്ധിച്ച്<br>• വെട്ടിക്കുറച്ച അരി വിഹിതം പുന:സ്ഥാപിക്കുന്നത് സംബന്ധിച്ച്<br>• നോട്ട് നിരോധനം കേരളത്തിൽ സൃഷ്ടിച്ച പ്രശ്നങ്ങൾ സംബന്ധിച്ച്<br>• അങ്കമാലി- ശബരി റെയിൽപാത പദ്ധതി സംബന്ധിച്ച്<br>• ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന് 450 കോടി അനുവദിക്കുന്നത് സംബന്ധിച്ച് |

| | | | |
|---|---|---|---|
| ഡി) | ഉന്നയിച്ച ഏതെല്ലാം കാര്യങ്ങളിൽ ഓരോ ഘട്ടത്തിലും പ്രധാനമന്ത്രിയിൽ നിന്നും ഉറപ്പ് ലഭിക്കുകയുണ്ടായി ; | ഡി) & ഇ) | മേൽ വിവരിച്ച വിഷയങ്ങളിൽ കേരളത്തിൽ ആൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് (AIIMS) ആരംഭിക്കണമെന്ന ആവശ്യം 06.11.2016 ൽ കേന്ദ്ര ആരോഗ്യ മന്ത്രാലയം നിരസിച്ചിരുന്നു. സംസ്ഥാനം മുന്നോട്ട് വച്ച മറ്റ് ആവശ്യങ്ങളിൽ കേന്ദ്രസർക്കാരിന്റെ തീരുമാനം ലഭ്യമായിട്ടില്ല. |
| ഇ) | പ്രധാനമന്ത്രി, മുഖ്യമന്ത്രിക്കു നൽകിയ ഏതെല്ലാം ഉറപ്പുകൾ ഇനിയും നടപ്പാക്കാൻ അവശേഷിക്കുന്നു; നടപ്പാക്കിയ ഉറപ്പുകൾ വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ